ശ്രീ. ടി. കെ. നാരായണപിള്ള: ശരാശരി ഫ ൦ ൦ മേനി കിട്ടുമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുട്ടനാട്ടിൽ എത്ര മേനി വിളയും?

ശ്രീ. ടി കെ. നാരായണപിള്ള: അവിടെ ൪ ൦ മുതൽ വ ൦ മേനി വരെ കിട്ടുന്നതാണ്.

ശ്രീ. ടി ടി. കേശവൻശാസ്ത്രി: കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ഉണ്ടാകുന്ന വിളവിനേക്കാൾ കൂടുതൽ വിളവ് വനത്തിൽനിന്നും കിട്ടുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ചില അവസരങ്ങളിൽ കുട്ടനാട്ടിലും നാഞ്ചിനാട്ടിലും ഉണ്ടാകുന്നതിനേക്കാൾ കൂടുതൽ വനം കൃഷിയിൽനിന്നും കിട്ടുന്നതാണ്.

ആശുപത്രിയിൽ സ്ഥലസൗകര്യം

*൩൫൩. (ഫ ൪) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പാറശ്ശാല സർക്കാർ ആശുപത്രിയിലെ സ്ഥലസൗകര്യക്കുറവ് നിമിത്തം രോഗികൾക്ക് നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന് എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) കൂടുതൽ സ്ഥലസൗകര്യമുണ്ടാക്കാൻ വേണ്ട നടപടികൾ എടുക്കുന്നതാണ്.

സൗജന്യപ്രതിവ് ഭൂമി

*൩൫൪. (ഫ ൫) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെടുമങ്ങാട് താലൂക്കിൽ ഉഴമലയ്ക്കൽ പകുതിയിൽ പിന്നോക്കസമുദായക്കാർക്ക് സൗജന്യവ്യവസ്ഥയിൽ പതിച്ചു നൽകിയ പുതുവൽ ഭൂമികളിൽ എതെങ്കിലും കരക്കുടിശ്ശികയ്ക്ക് ലേലം ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടി സ്ഥലങ്ങൾ എതെല്ലാം സർവ്വെ നമ്പരുകളിൽ;

(സി) എത്ര ഏക്കർ;

(ഡി) ഗവൺമെൻറ് തിരിയെ എടുത്ത തരിശിൽ ചേർത്തിട്ടുള്ള സ്ഥലങ്ങൾ എതെല്ലാം സർവ്വെനമ്പരുകളിൽ; എത്ര ഏക്കർ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബ) സർവ്വെ നമ്പർ വിസ്തീർണ്ണം ഇവ കാണിക്കുന്ന ഒരു ലിസ്റ്റ് മേശപ്പുറത്തു് വച്ചിട്ടുണ്ട്.

(സി) ഫ ൦ ൩ ഏക്കർ ൯ ൯ സെൻറ്.

(ഡി) ൯ ഏക്കർ ൩൫ സെൻറ്.

LIBRARY ARCHIVES Kerala Legislative Assembly